## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2485

06.12.2018 - ൽ മറുപടിക്ക്.

### വ്യവസായ എസ്റ്റേറ്റുകളിലെ സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|---|
| (എ) സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റു കളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) : | സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം അനുവദിച്ചിട്ടും അത് ഉപയോഗപ്പെടുത്താത്ത സംരംഭകരിൽ നിന്നും പ്രസ്തുത സ്ഥലങ്ങൾ തിരിച്ചെടുത്ത് പുതിയ സംരംഭകർക്ക് നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. |
| (ബി) വ്യവസായ എസ്റ്റേറ്റുകളിൽ എത്ര ചതുരശ്ര അടി സ്ഥലം ഉപയോഗപ്രദമല്ലാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട് ; | (ബി) : | വ്യവസായ വാണിജ്യ വകുപ്പിന്റെ വ്യവസായ എസ്റ്റേറ്റുകളിൽ 68.33 ഏക്കർ സ്ഥലം ഉപയോഗിക്കാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.<br>വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ വിവിധ വ്യവസായ എസ്റ്റേറ്റുകളിലും വ്യവസായ പാർക്കുകളിലുമായി 801.655 സെന്റ് ഭൂമി ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. |
| (സി) വ്യവസായ എസ്റ്റേറ്റുകളിലേക്ക് അപേക്ഷകരെ ആകർഷിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ് ; | (സി) : | വ്യവസായ എസ്റ്റേറ്റുകളിലേക്ക് അപേക്ഷകരെ ആകർഷിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സ്ഥലത്തിനായി അപേക്ഷ നൽകിയാൽ അത് അനുവദിക്കുന്നതിന് അനാവശ്യ കാലതാമസം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളത് എന്നറിയിക്കാമോ ? | (ഡി) : | അനാവശ്യ കാലതാമസം ഉണ്ടാക്കുന്നതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.